LIBRARY ARCHIVES Kerala Legislative Assembly

സഹകരണ മേഖലയിലെ ആലില പദ്ധതി

121 (506) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആലില പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേക്കായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള എന്നിവിടങ്ങളിൽനിന്നും വൃക്ഷത്തൈകൾ താലൂക്ക് തലത്തിൽ ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്യുവരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ, വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് സംഘങ്ങൾ പ്രശംസാ പത്രങ്ങളും അവാർഡും നൽകിവരുന്നു. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നുണ്ട്.